KERALA SCHOOL KALOLSAVAM 2016-17
KANNUR - 2017 JANUARY 16-22
KERALA SCHOOL KALOLSAVAM 2017 PROGRAMME COMMITTEE
Code No. 109

# നാർസിസ്സിന്റെ കണ്ണാടി

എന്റെ മൊബൈൽഫോണിനുള്ളിൽ
ഇപ്പോഴൊരു ലോകം വളരുന്നുണ്ട്.
എന്നെ പേടിപ്പിച്ചുകൊണ്ട്
ഒരു 'ഞാൻ'
അവിടുന്നെന്നെ തുറിച്ചു നോക്കുന്നുണ്ട്.

[കെട്ടുപോയ സിഗരറ്റിനു
വീണ്ടും തീപ്പിടിപ്പിച്ച്
അയാൾ തുടർന്നു.]

വന്നുവന്ന്, എനിക്കിപ്പോൾ
മൂന്നുകണ്ണായിരിക്കുന്നു.
മൂന്നാം കണ്ണ്, 'ഞാൻ' 'ഞാൻ'
എന്നലറി, എപ്പോഴും
ബാക്കിയുള്ളതിനെയൊക്കെ
ചാരമാക്കാൻ കൊതിക്കുന്നു.

[അതുപറയുമ്പോൾ,
മേശപ്പുറത്തുണ്ടായിരുന്ന
അയാളുടെ കൈയ്യുകൾ
ക്രമാതീതമായി വിറയ്ക്കാൻ തുടങ്ങിയിരുന്നു.]

'ഞാൻ'
ചിലസമയങ്ങളിൽ,
വെള്ളത്തിൽ മുഖം നോക്കുന്ന
രാജാവ്.
ചിലപ്പോൾ, വാറുപൊട്ടിയ
ചെരുപ്പ്.
ജനാലകളിലേക്കു താണുപറക്കുന്ന
വിമാനത്തിന്റെ പൈലറ്റ്.

Scanned by CamScanner

109
KERALA SCHOOL KALOLSAVAM-2017
Additional sheet
PROGRAMME COMMITTEE

മഞ്ഞുമലകളിൽ ഇടിച്ചുതകരുന്ന
കപ്പലിന്റെ കപ്പിത്താൻ.
'പച്ചച്ചോര' കുടിക്കുന്ന "
കോടാലിയുടെ വായ്ത്തല.
വടിവാളിന്റെ മരപ്പിടി.
എഴുതാനിരിക്കുമ്പോൾ,
പുറം ചൂടാവുന്ന വിചിത്രജീവി.
ഞാൻ.
ഞാൻ.
ഞാൻ.

ഞാനാണെല്ലാം എന്ന്
എന്റെ കണ്ണാടി
ഓർമിപ്പിച്ചുകൊണ്ടിരിക്കുന്നു.
എനിക്കു മരണമില്ലെന്ന്
എന്റെ മൊബൈൽ സ്ക്രീൻ
ആവർത്തിക്കുന്നു.

[ അടുത്ത നിമിഷം,
സിഗരറ്റ് വീണ്ടും കെട്ടുപോകുന്നു.
നിലക്കണ്ണാടികൾ
വീണുതകരുന്നു. ]

Scanned by CamScanner